Kerala Kaumudi 01.01.1

# 'വൈഗ 2017'ന് സമാപനം

തൃശ്ശൂർ: കാർഷികോത്പന്ന സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ ആസ്പദമാക്കി കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ കാർഷിക സർവകലാശാആസ്ഥാനത്ത് സംഘടിപ്പിച്ച അന്താരാഷ്ട്ര പ്രദർശന-ശില്പശാല 'വൈഗ 2017'ന് സമാപനം. അഞ്ചുദിവസങ്ങളിലായി ഏകദേശം അഞ്ചുലക്ഷത്തോളം ആളുകൾ വൈഗ സന്ദർശിച്ചെന്നാണ് കണക്ക്. കാർഷികമേഖലയിൽ സംരംഭങ്ങളുടെ അനന്തസാധ്യതകൾ കർഷകർക്കും യുവാക്കൾക്കും മനസിലാക്കിത്തരുവാൻ വൈഗ 2017ന് കഴിഞ്ഞതായി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു.

കൃഷിയെ ആശ്രയിച്ച് സധൈര്യം മുന്നോട്ടുപോകുവാനുള്ള സാഹചര്യം സമൂഹത്തിൽ ഏറെക്കുറെ കുറഞ്ഞുവന്നിരുന്നു. കാർഷിക വരുമാനത്തിലുള്ള അസ്ഥിരതയായിരുന്നു ഇതിനു കാരണം. മന്ത്രി വി.എസ്. സുനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു. ഫാം ഇൻഫർമേഷൻ ബ്യൂറോ തയാറാക്കിയ ഫാം ഗൈഡ് 2018, ഞാറ്റുവേല കലണ്ടർ എന്നിവയുടെ പ്രകാശനം അദ്ദേഹം നിർവഹിച്ചു. വിവിധ പുരസ്കാരങ്ങളുടെ വിതരണം മന്ത്രി എ.സി. മൊയ്തീൻ നിർവഹിച്ചു.